# മക്കൾ എങ്കിൽ അവകാശികളത്രേ

## ഗലാത്യർ 4:6–7

"നിങ്ങൾ മക്കൾ ആകകൊണ്ടു അബ്ബാ പിതാവേ എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു. അങ്ങനെ നീ ഇനി ദാസനല്ല പുത്രനത്രെ; പുത്രനെങ്കിലോ ദൈവഹിതത്താൽ അവകാശിയും ആകുന്നു."

ഈ ലോകജീവിതത്തിൽ ഇന്നു നമുക്കുള്ള സമ്പത്തും മറ്റ് അധികാരങ്ങളും അവകാശങ്ങളുമെല്ലാം നാം നമ്മുടെ തലമുറകൾക്ക് കൈമാറുന്നുവല്ലോ. അപ്രകാരംതന്നെ സ്വർഗ്ഗസ്ഥനായ നമ്മുടെ ദൈവത്തിന്റെ സന്നിധിയിൽ നിന്നുള്ള സകല ആത്മീകാനുഗ്രഹങ്ങളുടെയും അവകാശികൾ നാം ഓരോരുത്തരുമാണ്. ഇവിടെ യഹൂദനെന്നോ യവനനെന്നോ ഒരു വ്യത്യാസവുമില്ല. ക്രിസ്തുയേശുവിൽ കൂടി രക്ഷപ്രാപിച്ച ഓരോ വ്യക്തിക്കും ഈ അവകാശമുണ്ട്.

എന്നാൽ ആത്മീകവളർച്ചയിൽ ശിശുവായിരിക്കുന്നിടത്തോളം കാലം ഈ അവകാശങ്ങൾ പ്രാപിക്കുവാൻ നമുക്ക് കഴിയാതെ പോകുന്നു. നാം ആത്മീകമായി വളരേണ്ടിയിരിക്കുന്നു. ഈ വളർച്ചയുടെ പൂർണ്ണതയിൽ എത്തുമ്പോൾ സ്വർഗ്ഗീയ പിതാവിന്റെ തിരുഹിതപ്രകാരം ഓരോ വാഗ്ദത്തങ്ങളും നമ്മുടെ അവകാശമായി തീരുവാൻ ഇടയാകും.

നമ്മുടെ ഒരുപൈതലിന് വാഹനം ഓടിക്കുവാൻ അതിയായ ആഗ്രഹമുണ്ട് എന്നിരിക്കട്ടെ. എന്നാൽ അവന്റെ ചെറിയ പ്രായത്തിൽ ഒരു വാഹനം അവനെ ഏല്പിക്കുവാൻ തക്കവണ്ണം ഒരു പിതാവ് തയ്യാറാകുമോ? ഒരിക്കലും ഇല്ല. അങ്ങനെ ചെയ്താൽ അവന്റെ ജീവൻപോലും അപകടത്തിലായി പോകുമെന്ന് ആ പിതാവിന് നല്ലവണ്ണം അറിയാം. എന്നാൽ ആ പൈതൽ വളർന്ന് ഒരു യുവാവായശേഷം അവന് മനസ്സിലാകും എന്തുകൊണ്ടാണ് എന്റെ പിതാവ് താൻ ചോദിച്ച സമയത്ത് വാഹനം ഓടിക്കുവാൻ അനുവദിക്കാത്തതെന്ന്.

പ്രിയ ദൈവപൈതലേ, ഇന്നു താങ്കളുടെ ജീവിതത്തിലും ഏതെങ്കിലും തരത്തിലുള്ള ഒരു അവകാശം സ്വർഗ്ഗത്തിൽ നിന്നും തടയപ്പെട്ടു കിടപ്പുണ്ടെങ്കിൽ തെല്ലും ഭാരപ്പെടേണ്ട. അത് നമ്മുടെ കരങ്ങളിൽ എത്തപ്പെടുന്ന ഒരു ദിവസം ഉണ്ട്. അതിനായി ദൈവം താങ്കളെ വളർത്തിയെടുത്തു കൊണ്ടിരിക്കുകയാണ്. ആത്മീകമായ ആ വളർച്ച നാം പ്രാപിക്കണമെങ്കിൽ മായമില്ലാത്ത വചനമാകുന്ന പാൽ കുടിപ്പാൻ നാം വാഞ്ചിക്കണം.

റോമർ 8:15 “നാം പിന്നെയും ഭയപ്പെടേണ്ടതിന് ദാസ്യത്തിന്റെ ആത്മാവിനെ അല്ല, അബ്ബാ പിതാവെ എന്നുവിളിക്കുന്ന പുത്രത്വത്തിന്റെ ആത്മാവിനെ അത്രെ നാം പ്രാപിച്ചിരിക്കുന്നത്.”

നമ്മുടെ സ്വർഗ്ഗീയപിതാവിന്റെ മക്കളാകുന്ന നാം ഓരോരുത്തരും അവിടുത്തെ സകല ആത്മീകാനുഗ്രഹങ്ങളുടെയും അവകാശികളുമാകുന്നു. ആ അവകാശങ്ങൾ പ്രാപിക്കുവാൻ തക്കവണ്ണം അനുദിനവും ആത്മീകമായി വളരുവാൻ തിരുവചനം നമുക്ക് ഭക്ഷിക്കാം. നമ്മിലുള്ള ആത്മീകവളർച്ച എപ്രകാരമാണെന്ന് പരിശോധിച്ചു നോക്കാം. ദൈവം ആഗ്രഹിക്കുന്നപ്രകാരം ആയിത്തീരുവാനും അവിടുത്തെ അവകാശങ്ങൾ പ്രാപിക്കുവാനും ഏവരെയും അവിടുന്ന് സഹായിക്കുമാറാകട്ടെ.

പരാമർശം:

മത്തായി 7:11

അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോട് യാചിക്കുന്നവർക്ക് നന്മ എത്ര അധികം കൊടുക്കും.

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 026